

FRIDAY 15-10-2021 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -15/10/2021

1. കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവയുടെ അംഗീകൃത എജൻസികൾ/ഫ്രാഞ്ചൈസികൾ എന്ന പേരിൽ നടീൽ വസ്തുക്കളുമായി വ്യാജ സംഘങ്ങൾ വീടുകൾ കയറി വിൽപന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം പ്രചരണങ്ങളിൽ വഞ്ചിതരാകരുതെന്നും കൃഷി ഡയറക്ടർ അറിയിപ്പു നൽകി. പലപ്പോഴും ഇത്തരം സംഘങ്ങൾ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പേരിൽ വ്യാജസീൽ പതിപ്പിച്ച രസീതും കർഷകർക്കു നൽകാറുണ്ട്. കൃഷിവകുപ്പിന് നടീൽ വസ്തുക്കളുടെ വില്പനയ്ക്കായി ഇത്തരം ഏജൻസികളോ, സഞ്ചരിക്കുന്ന വില്പന വാഹനങ്ങളോ ഇല്ലാത്തതാകുന്നു. കൃഷി വകുപ്പ് ഫാമുകൾ, കൃഷിഭവനുകൾ എന്നിവ മുഖാന്തിരമാണ് കൃഷിവകുപ്പ് നടീൽവസ്തുക്കൾ സൗജന്യ നിരക്കിൽ കർഷകർക്ക് വിൽപന നടത്തുന്നത്. ആയതിനാൽ കർഷകർ തൊട്ടടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ടു മാത്രമേ സർക്കാർ സംബന്ധമായ ഇടപാടുകൾ നടത്താവൂ എന്ന് കൃഷിവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **കാർഷിക ഉൽപ്പന്ന പ്രോസസിംങ് യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനായി** ധനസഹായം നൽകുന്നു. കർഷകർ/കർഷകഗ്രൂപ്പ്/സ്വയം സഹായ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർക്ക് അപേക്ഷിയ്ക്കാം. പരമാവധി 50% ആണ് ധനസഹായം നൽകുന്നത്. ബാക്കി തുകയിൽ 40% സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), സ്മാം (SMAM) എന്നീ പദ്ധതികളിൽ നിന്നും കണ്ടെത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

3. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുല്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിതരണം ചെയ്യുന്നു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആവശ്യമുള്ള കർഷകർ **0479– 2452277, 0479 –2457778, 9495805541** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂറായി ബുക്ക് ചെയ്യേണ്ടതാണ്.

4. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ മണ്ണൂത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ **കേരശ്രീ, കേരസങ്കര** എന്നീ സങ്കരയിനം തെങ്ങിൻ തൈകളും **ഡബ്ല്യൂ.സി.ടി (നാടൻ)** തെങ്ങിൻ തൈകളും വില്പനയ്ക്ക് തയാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487–2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കാർഷികാഭിവൃദ്ധി– ഊർജ്ജസംരക്ഷണത്തിലൂടെ" എന്ന വിഷയത്തിൽ കർഷകർക്കായി ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നു. 50 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി **9400483754, 9447654148** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

7. എച്ച്.ആർ.ഡി ട്രെയിനിംഗിന്റെ ഭാഗമായി ഈ മാസം **26,27,28** (ഒക്ടോബർ 26,27,28) തീയതികളിൽ **പൂന്തോട്ട നിർമ്മാണം, നഴ്സറി പാരിപാലനം, സസ്യപ്രവർദ്ധന രീതികൾ** എന്നിവ ഉൾപ്പെടുത്തി മൂന്നു ദിവസത്തെ പരിശീലനം **തിരുവനന്തപുരം കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി** യിൽ വച്ച് നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം **20–ന്** മുമ്പായി രാവിലെ 11 മണിക്കും 4.30 നും ഇടയ്ക്കുള്ള സമയങ്ങളിൽ **9497360649, 9447551954** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പ് എന്ന വിഷയത്തിൽ ഈ മാസം 20, 21 (ഒക്ടോബർ 20, 21) തീയതികളിൽ പരിശീലനം നടത്തുന്നു. **വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, ഉത്തേജകൗഷധപ്രയോഗം** എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ (20.10.2021, 21.10.2021) **ആട് വളർത്തൽ** എന്ന വിഷയത്തിലും 27, 28 തീയതികളിൽ (27.10.2021, 28.10.2021) **കറവപ്പശു പരിപാലനം** എന്ന വിഷയത്തിലും സൗജന്യ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 04829 - 234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 21 ന് (21.10.2021) **കാട വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 - 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

11. വിവിധ വിളകളിൽ ആഫ്രിക്കൻ ഒച്ചിന്റെ സാന്നിധ്യം കണ്ടാൽ വീര്യം കുറഞ്ഞ തുരിശുലായനി (3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിച്ചു കൊടുക്കാം. കോപ്പർഓക്സിക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിച്ചു കൊടുക്കാം. വിളകൾക്കു ചുറ്റും കുറഞ്ഞ എണ്ണം ഒച്ചുകൾ മാത്രമേയുള്ളു എങ്കിൽ ബ്ലീച്ചിംഗ് പൗഡർ, പുകയില പൊടി, തുരിശുപൊടി എന്നിവ ചുറ്റിലും ഇട്ടുകൊടുക്കാം. വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയ മരങ്ങളിൽ ഒച്ച് കയറാതെ ഇരിക്കാൻ ചുവട്ടിൽ 10 ശതമാനം ബോർഡോ കുഴമ്പ് തേച്ചു കൊടുക്കണം.